ഭരണഭാഷ-മാതൃഭാഷ

## സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

വികാസ്ഭവൻ, തിരുവനന്തപുരം

വിഷയം:- ഡി.ഇ.എസ്-ജീവനകാര്യം-വയനാട് ജില്ലയിലേക്ക് ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തിക മാറ്റിയും, ജീവനക്കാരെ നിയമിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: -
1) സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് വയനാട് ഡെപ്യൂട്ടി ഡയറക്ടറുടെ 16/11/2019 ലെ B1-1612/2019/ ഡി.ഒ.ഇ.എസ്.ഡബ്ല്യു നമ്പർ കത്ത്.
2) 22.11.2019 ലെ ഈ ഓഫീസിലെ ഇവാല്യൂവേഷൻ സെക്ഷനിലെ ഇ.വ.21584/2019/ഡിഇഎസ് നമ്പർ കുറിപ്പ്.
3) ഈ ഓഫീസിലെ 06.03.2020 തീയതിയിലെ ഇതേ നമ്പർ കത്ത്
4) സ.ഉ (സാധാ) നം.254/ 2020/ പ്ലാനിംഗ് തീയതി:10.06.2020

**ഉത്തരവ് നമ്പർ. ഡിഇഎസ്/709/2020-ഇ.എ (1) തീയതി : 23/07/2020**

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് വയനാട് ജില്ലാ ഓഫീസിൽ ഇവാല്യൂവേഷൻ സർവ്വേ ജോലികൾ നടത്തേണ്ടതിനാൽ ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I ന്റെ സേവനം ആവശ്യമാണെന്ന് വയനാട് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം (1) പ്രകാരം ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത ജോലികൾ ചെയ്യുന്നതിനായി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തിക വയനാട് ജില്ലയിലേക്ക് മാറ്റി നിയമിക്കുവാൻ പരാമർശം (3) പ്രകാരം സർക്കാരിനോട് അനുമതി ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഈ കാര്യം വിശദമായി പരിശോധിക്കുകയും പരാമർശം (4 ) പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തിക വയനാട് ജില്ലയിലേക്ക് മാറ്റി നിയമിക്കുവാൻ ഉത്തരവായിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിലെ 3454-02-112-99 BES (NP) ശീർഷകത്തിലെ ഒരു സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ് -I തസ്തിക വയനാട് ജില്ലയിലേയ്ക്ക് മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

പ്രസ്തുത തസ്തികമാറ്റത്തിന്റെ അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ ഉണ്ടായ സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികയിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് കോട്ടയം ജില്ലാ ഓഫീസിലെ സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ് -I ശ്രീമതി.ലക്ഷ്മി വാലടശ്ശേരിയെ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീമതി.ലക്ഷ്മി വാലടശ്ശേരി ജോലിയിൽ പ്രവേശിച്ച വിവരം ബന്ധപ്പെട്ട നിയന്ത്രണാധികാരി യഥാസമയം ഈ ആഫീസിൽ അറിയിക്കേണ്ടതാണ്.

Signature valid
Digitally signed by P V BABU
Date: 2020.07.23 15:55:14 IST
Reason: Approved
DIRECTOR

ശ്രീമതി.ലക്ഷ്മി വാലടശ്ശേരി, സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-I

പകർപ്പ് :

1. ഡെപ്യൂട്ടി ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ആഫീസ്, കോട്ടയം / വയനാട്
2. ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
3. ഡെപ്യൂട്ടി ഡയറക്ടർ, ഇവാല്യൂവേഷൻ വിഭാഗം
4. ഡയറക്ടർ / സീനിയർ അഡ്മിനിസ്ട്രേറ്റീവ് ആഫീസറുടെ സി.എ
5. അക്കൗണ്ട്സ് / ബഡ്ജറ്റ് / ഇഎ(4)/ജനറൽ/
6. ഫയൽ / കരുതൽ ഫയൽ